LIBRARY ARCHIVES Kerala Legislative Assembly

റ്റി.സി.-യുമായി ചേർന്ന് ഭാരത് ദർശൻ യാത്രകൾ, എൻ.എസ്.എസ്.-മായി ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ്.മായി ചേർന്ന് പുനർജനി, ജീവദായിനി, യുവ മാധ്യമ ശില്പശാല, ചിത്രരചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശില്പശാല, ചലച്ചിത്ര ശില്പശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം, യുവ നേതൃത്വ പരിശീലന ക്യാമ്പ്, യുവജന ദിനാചരണം, പരിസ്ഥിതി ദിനാചരണം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

യുവജനക്ഷേമ പദ്ധതികൾക്കുള്ള കേന്ദ്ര ഫണ്ട് വിനിയോഗം

309 (657) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഈ ഇനത്തിൽ എത്ര തുക സംസ്ഥാന സർക്കാർ ചെലവഴിച്ചുവെന്നും എന്തെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ ;

(സി) യുവജനക്ഷേമത്തിനായി കേന്ദ്രം അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽനിന്നും 2014-15 സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

യുവജന നയം

310 (658) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) യുവജന ക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) യുവജന നയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013 മാർച്ച് 4-ാം തീയതി യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ട്. യുവജനങ്ങളുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക കായിക മാനസിക വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക, യുവജനങ്ങളെ നാടിന്റെ മുഖ്യസ്വത്തായി കണ്ടുകൊണ്ട് അവരുടെ വിഭവശേഷിയിലും വളർച്ചയിലും പുരോഗതിയിലും ഊന്നൽ നൽകുക, സുസ്ഥിര വികസനത്തിലും സാമൂഹിക പ്രതിബദ്ധതയിലും ഊന്നൽ നൽകിക്കൊണ്ട് ആരോഗ്യകരവും സന്തോഷപ്രദവുമായ ജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കുക എന്നതാണ് യുവജന നയത്തിന്റെ ദൗത്യം.

(ബി) യുവജനങ്ങളുടെ ക്ഷേമത്തിന് താഴെപ്പറയുന്ന കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് :

1. തുടർ വിദ്യാഭ്യാസ പരിപാടികൾ, നൈപുണ്യ പരിശീലനം (Skill development training) എന്നിവ നടപ്പിലാക്കുക.

2. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക. യുവജനങ്ങളെ മികച്ച സംരംഭകരാക്കി ഉയർത്തുക.

3. യുവജനങ്ങളെ കൃഷിയിലേക്കും മൃഗസംരക്ഷണത്തിലേക്കും ആകർഷിക്കുന്നതിനുവേണ്ടി പരിസ്ഥിതി സൗഹൃദപരവും, ഹൈടെക്കുമായ കൃഷി രീതികൾ വ്യാപിപ്പിക്കുക.

4. മദ്യത്തിനും മറ്റ് മയക്കുമരുന്നുകൾക്കുമെതിരെ യുവജനങ്ങളുടെ പ്രതിരോധനിര ഉയർത്തുക.

5. കലാകായിക സാംസ്കാരിക മാധ്യമ രംഗത്ത് യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

6. പൈതൃകവും സംസ്കാരവും കാത്തുസൂക്ഷിക്കുവാൻ യുവജനങ്ങളെ സജ്ജരാക്കുക.

7. സാമൂഹിക തിന്മകൾക്കെതിരെ യുവജനങ്ങളുടെ ഐക്യനിര കെട്ടിപ്പടുക്കുക.

(സി) യുവജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ പുതിയ പദ്ധതികളോടൊപ്പം നിലവിലുള്ള പദ്ധതികളും കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തൊഴിൽരഹിതർക്കുവേണ്ടി ജോബ് ഫെസ്റ്റുകൾ, യുവ സംരംഭകത്വ പരിശീലനങ്ങൾ എന്നിവയും ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി ബ്രെയിലി ലൈബ്രറി, കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം, പ്രകൃതി ദുരന്തത്തിനിരയാകുന്നവരെ സഹായിക്കാനായി ദുരന്ത നിവാരണ സേന, മദ്യം-മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജനി, രക്തദാന സേന മുതലായ പരിപാടികൾ ബോർഡ് നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ധനസഹായം നൽകിവരുന്നു.

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീറുവിളയിൽ സ്റ്റേഡിയം

311 (659) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) SMILE (സ്മൈൽ) പദ്ധതിയിലുൾപ്പെടുത്തി ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീറുവിളയിൽ സ്റ്റേഡിയം നിർമ്മിക്കുവാൻ സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഈ സാമ്പത്തികവർഷം പ്രസ്തുത ശിപാർശ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒറ്റൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട നീറുവിളയിൽ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുവാൻ ലഭിച്ച അപേക്ഷ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിച്ചില്ല.

(ബി) ഈ സാമ്പത്തികവർഷം സ്മൈൽ പദ്ധതിക്കായി എല്ലാ മാനദണ്ഡങ്ങളോടും കൂടിയ അപേക്ഷ ഹാജരാക്കുന്നമുറയ്ക്ക് ഫണ്ട് ലഭ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly